കേരള സംസ്ഥാന
ജൈവവൈവിധ്യ ബോർഡ്



# സംസ്ഥാന
# ജൈവവൈവിധ്യ സംരക്ഷണ
# പുരസ്കാരങ്ങൾ

(മാർഗ്ഗരേഖ)

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
കൈലാസം, റ്റി.സി. 24/3219, നം. 43, ബെൽഹെവൻ ഗാർഡൻസ്,
കവടിയാർ പി.ഒ., തിരുവനന്തപുരം – 695 003
ഇ–മെയിൽ – keralabiodiversity@gmail.com
വെബ്സൈറ്റ് – www.keralabiodiversity.org
ഫോൺ: 0471 2724740

**കേരള സംസ്ഥാന**
**ജൈവവൈവിധ്യ ബോർഡ്**



# സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ

(മാർഗ്ഗരേഖ)

# ആമുഖം

പശ്ചിമഘട്ടത്തോട് ചേർന്നു കിടക്കുന്ന ഭൂവിഭാഗമായ കേരളം അത്യപൂർവ്വങ്ങളായ ജന്തുക്കളും സസ്യലതാദികളും കൊണ്ട് സമ്പന്ന മാണ്. കാലാവസ്ഥാവ്യതിയാനവും തത്വദീക്ഷയില്ലാത്ത പ്രകൃതിവിഭവശേ ഖരണവും ജൈവവൈവിധ്യശോഷണത്തിന് കാരണമാകുകയും അത് നമ്മുടെ ജൈവസമ്പന്നതയ്ക്ക് ഭീക്ഷണിയാകുകയും ചെയ്യുന്നുണ്ട്. ആഗോ ളതലത്തിൽ തന്നെ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രധാന്യം അന്താരഷ്ട്ര സംഘടനകളുടെ പ്രധാന അജൻണ്ടയായി മാറിയിരിക്കുന്ന കാലഘട്ടം കൂടിയാണിത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യത്തെയും, പരിസ്ഥിതിയെയും സംരക്ഷിക്കു ന്നതിന് കേരള സർക്കാർ ഫലപ്രദമായ നിരവധി നടപടികൾ കൈക്കൊള്ളു കയും, കൃഷി, വനം, ഉൾനാടൻ/സമുദ്ര ആവാസവ്യവസ്ഥ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നയങ്ങൾ എന്നിവ രൂപീകരിക്കുക യും ചെയ്തുവരുന്നു. ഈ മേഖലയിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കി വരുന്ന നിരവധി ജൈവവൈവിധ്യ സംരക്ഷണ പ്രവർ ത്തനങ്ങളിലൊന്നാണ് കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ.

കാർഷിക സംസ്കാരമുള്ള കേരളത്തിൽ ഭക്ഷ്യസുരക്ഷയുടെ ഭാഗമായി ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, കാലിത്തീറ്റച്ചെടികൾ എന്നിവ വളർത്തൽ മൃഗപരിപാ ലനം, കോഴിവളർത്തൽ എന്നിവയിലേർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹി പ്പിക്കൽ, അതോടൊപ്പം ഉൽപ്പാദനക്ഷമതയുള്ളതും, ആവാസവ്യവസ്ഥാ സേവനങ്ങൾ പ്രദാനം ചെയ്യുന്നതുമായ കേരളത്തിന്റെ തീരദേശ, ഉൾനാടൻ ആവാസവ്യവസ്ഥകളുടെ സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കു ന്നവർക്ക് പരിഗണനയും അനുമോദനവും നൽകൽ ഇവ ചെയ്യേണ്ടതാ യിട്ടുണ്ട്. കൂടാതെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജൈവ വൈവിധ്യ പരിപാലന സമിതികൾ, സർക്കാർ/ സർക്കാരിതര സ്ഥാപന ങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുടെ ശാക്തീകര ണത്തിലൂടെ മാത്രമേ ജൈവവൈവിധ്യ സംരക്ഷണം അതിന്റെ പൂർണ്ണത കൈവരിക്കാൻ സാധിക്കുകയുള്ളൂ. അതിനായി വിവിധ ഏജൻസികളുടെ സഹകരണം ഉറപ്പാക്കുന്നതോടൊപ്പം ജൈവവൈവിധ്യ സംരക്ഷണം അവരുടെ ഒരു പ്രധാന അജൻണ്ടയായി മാറ്റുന്നതിന് ആവശ്യമായ

പ്രോത്സാഹനവും പരിഗണനയും നൽകേണ്ടതായിട്ടും ഉണ്ട്. ആയതിനാൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവരെ അംഗീകരിക്കുന്നതിനായി എല്ലാ വർഷവും നൽകി വരുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ (കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ അവാർഡുകൾ) പ്രാധാന്യം അർഹിക്കുന്നു.

2025 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് വിവിധ വിഭാഗങ്ങളിലായി 15 അവാർഡുകളാണ് നൽകുന്നത്. ഇതിൽ 7 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും, 1 അവാർഡ് മികച്ച കാവ് സംരക്ഷണത്തിനും, 2 അവാർഡുകൾ (ഒന്നാം സമ്മാനം, രണ്ടാം സമ്മാനം) മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലനസമിതി (ബി.എം.സികൾക്കും), 5 അവാർഡുകൾ വ്യത്യസ്ത സ്ഥാപനങ്ങൾക്കുമാണ്.

കേരളത്തിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുവാനും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും സമൂഹത്തെ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും ഈ പുരസ്ക്കാരങ്ങൾ വലിയ പങ്ക് വഹിക്കുമെന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഉറപ്പുണ്ട്.

**ഡോ. എൻ. അനിൽ കുമാർ**
ചെയർമാൻ
കെ.എസ്.ബി.ബി.

**ഡോ.വി. ബാലകൃഷ്ണൻ**
മെമ്പർ സെക്രട്ടറി
കെ.എസ്.ബി.ബി.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ജൈവവൈവിധ്യ പരിപാലന സമിതികളെയും, കാവ് സംരക്ഷകരെയും, വ്യക്തികളെയും, വിദ്യാഭ്യാസസ്ഥാപനങ്ങളെയും മാധ്യമ പ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരമാണ് ‘‘സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം’’ (State Biodiversity Conservation Award).

2025 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് വിവിധ വിഭാഗങ്ങളിലായി 15 അവാർഡുകളാണ് നൽകുന്നത്. ഇതിൽ 7 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും, 1 അവാർഡ് മികച്ച കാവ് സംരക്ഷണത്തിനുള്ളതും, 2 അവാർഡ് (ഒന്നാം സമ്മാനം, രണ്ടാം സമ്മാനം) മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി), 5 അവാർഡുകൾ വ്യത്യസ്ത സ്ഥാപനങ്ങൾക്കുമായി ഉള്ളതുമാണ്. 01/01/2025 മുതൽ 31/12/2025 വരെയുള്ള കാലയളവിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം നിർണ്ണയിക്കുന്നത്.

| കാറ്റഗറി | ക്രമ നമ്പർ | വിഭാഗം | തുക (രൂപ) |
|---|---|---|---|
| **വ്യക്തിഗത പുരസ്ക്കാരങ്ങൾ** | | | |
| കാറ്റഗറി 1 | 1 | ഹരിതവ്യക്തി (കൃഷി ഒഴികെയുള്ള ജൈവവൈവിധ്യ മേഖല – ഉദാ: കാവ്, പുഴ, തോട്, കണ്ടൽ, കുളം ഉൾപ്പെടെയുള്ള ജൈവവൈവിധ്യ സംരക്ഷണം) (PROFORMA -II) | 50,000 |
| കാറ്റഗറി 2 | 2 | മികച്ച സംരക്ഷക കർഷകൻ (സസ്യജാലം – തനത് വിളയിനങ്ങൾ) Best Custodian Farmer (PROFORMA -II) | 50,000 |
| | 3 | മികച്ച സംരക്ഷക കർഷക (സസ്യജാലം – തനത് വിളയിനങ്ങൾ) (PROFORMA -II) | 50,000 |
| കാറ്റഗറി 3 | 4 | മികച്ച സംരക്ഷക കർഷകൻ (ജന്തുജാലം –തനത് കന്നുകാലി, പക്ഷി, മത്സ്യം തുടങ്ങിയ ഇനങ്ങൾ) Best Custodian Farmer (Animal/Bird) – PROFORMA -II | 50,000 |
| | 5 | മികച്ച സംരക്ഷക കർഷക (ജന്തുജാലം – തനത് കന്നുകാലി, പക്ഷി, മത്സ്യം തുടങ്ങിയ ഇനങ്ങൾ) (PROFORMA -II) | 50,000 |

| | | | |
|---|---|---|---|
| **കാറ്റഗറി 4** | **6** | മികച്ച കാവ് സംരക്ഷണ പുരസ്കാരം (വ്യക്തി / ട്രസ്റ്റ്) PROFORMA -V | 50,000 |
| **കാറ്റഗറി 5** | **7** | ജൈവവൈവിധ്യ മാധ്യമപ്രവർത്തക/മാധ്യമ പ്രവർത്തകൻ (ദൃശ്യ, ശ്രവ്യമാധ്യമം) PROFORMA -III | 25,000 |
| **കാറ്റഗറി 6** | **8** | ജൈവവൈവിധ്യ പത്രപ്രവർത്തക/ പത്രപ്രവർത്തകൻ (അച്ചടി മാധ്യമം) PROFORMA -III | 25,000 |
| **സ്ഥാപനങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ** | | | |
| **കാറ്റഗറി 7** | **9** | മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി) (ഒന്നാം സമ്മാനം) PROFORMA - I | 1,00,000 |
| | **10** | മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി) (രണ്ടാം സമ്മാനം) PROFORMA - I | 50,000 |
| **കാറ്റഗറി 8** | **11** | മികച്ച ജൈവവൈവിധ്യ സ്കൂൾ/വിദ്യാലയം PROFORMA - IV | 25,000 |
| **കാറ്റഗറി 9** | **12** | മികച്ച ജൈവവൈവിധ്യ കോളേജ് / കലാലയം PROFORMA - IV | 25,000 |
| **കാറ്റഗറി 10** | **13** | മികച്ച ജൈവവൈവിധ്യ സംരക്ഷണസ്ഥാപനം (സർക്കാർ, സഹകരണ, പൊതുമേഖല) PROFORMA - IV | 25,000 |
| **കാറ്റഗറി 11** | **14** | മികച്ച ജൈവവൈവിധ്യ സംരക്ഷണസ്ഥാപനം (സ്വകാര്യമേഖല) PROFORMA - IV | 25,000 |
| **കാറ്റഗറി 12** | **15** | മികച്ച ജൈവവൈവിധ്യ ക്ലബ് (സ്കൂൾ/ കോളേജ്) PROFORMA - IV | 25,000 |

## പുരസ്കാര മാനദണ്ഡങ്ങൾ

- വ്യക്തിഗത പുരസ്കാരങ്ങൾക്ക് വ്യക്തികളിൽ നിന്ന് നേരിട്ട് അപേക്ഷകൾ സ്വീകരിക്കുന്നതല്ല. എന്നാൽ അതത് രംഗങ്ങളുമായി ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
- പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി, നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി തന്റെ ബന്ധുവല്ലെന്നുമുള്ള സത്യപ്രസ്താവന നാമനിർദ്ദേശം ചെയ്യുന്നയാൾ/സംഘടന നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- വ്യക്തിഗത പുരസ്കാരങ്ങൾക്ക് ഇന്ത്യൻ പൗരത്വമുള്ളവരും, കേരളത്തിൽ സ്ഥിരതാമസക്കാരായവരും ആയിരിക്കണം, കേരളത്തിനകത്ത് നടത്തിയ പ്രവർത്തനങ്ങൾക്കാണ് പുരസ്കാര അപേക്ഷ നൽകേണ്ടത്.
- അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനത്തിന് സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പു വഴി കേരളത്തിലെ മാധ്യമങ്ങളിലൂടെ പ്രചാരം നൽകുന്നതാണ്. പുരസ്കാരത്തിന്റെ മാനദണ്ഡങ്ങൾ, അപേക്ഷാഫോറം എന്നിവ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഓഫീസ്/വെബ്സൈറ്റ് വഴി ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കും. അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
- ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ലാഭേച്ഛയില്ലാതെ നിർവ്വഹിക്കുന്നവർക്കായിരിക്കും അവാർഡിന് അർഹതയുണ്ടാവുക.
- ഓരോ വർഷവും വിവിധ അവാർഡുകൾ നിർണയിക്കാൻ വിഷയ വൈദഗ്ദ്ധ്യവും പ്രാഗത്ഭ്യവുമുള്ള വ്യക്തികളെ ഉൾപ്പെടുത്തിയാകും ജഡ്ജിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത്.
- നാമനിർദ്ദേശക(ൻ) നിർദ്ദേശിക്കുന്ന വ്യക്തി/സ്ഥാപനം/വിദ്യാഭ്യാസ സ്ഥാപനം തുടങ്ങി അവാർഡിന് പരിഗണിക്കപ്പെടാൻ അർഹതയുള്ളവരുടെ പ്രവർത്തനങ്ങൾ ചുരുക്കി രണ്ട് പേജിൽ കവിയാതെ ടൈപ്പ് ചെയ്ത് അപേക്ഷയോടൊപ്പം നൽകണം. കൂടാതെ വീഡിയോ സി.ഡി.കൾ, പെൻഡ്രൈവ്, പത്രറിപ്പോർട്ടുകളുടെ പകർപ്പ്, മുൻപ് ലഭിച്ച പുരസ്കാരങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവയും വ്യക്തിയുടെ/വിദ്യാഭ്യാസ സ്ഥാപനത്തിന്റെ/സംഘടനാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിൽക്കണ്ട് ബോധ്യമുള്ള രണ്ട് പ്രമുഖ വ്യക്തികളുടെ മേൽ വിലാസവും ഫോൺ നമ്പറും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകളിലോ അനുബന്ധങ്ങളിലോ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകിയതായി ജൈവവൈവിധ്യ ബോർഡിനോ ജഡ്ജിങ്ങ് കമ്മിറ്റിക്കോ ബോധ്യപ്പെട്ടാൽ അപേക്ഷകൾ നിരസിക്കുന്നതാണ്. അവാർഡ് നിർണയത്തെ സംബന്ധിക്കുന്ന അന്തിമതീരുമാനം ബോർഡിൽ നിക്ഷിപ്തമായിരിക്കും.
- അവാർഡിനായി സമർപ്പിക്കുന്ന രേഖകൾ (ബുക്കുകൾ, സി.ഡി.കൾ, പെൻഡ്രൈവുകൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ) തിരികെ നൽകുന്നതല്ല.
- ഏതെങ്കിലും വിഭാഗത്തിൽ ഒന്നിൽ കൂടുതൽ നോമിനേഷനുകൾ തുല്യമായ സംഭാവനകൾ നൽകിയിട്ടുള്ളതായി ജഡ്ജിംഗ് കമ്മിറ്റി കണ്ടെത്തി പേരുകൾ നിർദ്ദേശിച്ചാൽ അവാർഡ് തുല്യമായി വീതിച്ചു നൽകുന്നതാണ്. ഏതെങ്കിലും വിഭാഗത്തിൽ അവാർഡിന് അർഹമായ

അപേക്ഷകൾ ഇല്ലെങ്കിൽ ആ വിഭാഗത്തിൽ അവാർഡ് ആ വർഷം നൽകുന്നതല്ല.

- ജൈവവൈവിധ്യ ബോർഡിലെ ഉദ്യോഗസ്ഥർക്കോ, ബോർഡ് അംഗങ്ങൾക്കോ, ജില്ലാതല സാങ്കേതിക സഹായസമിതി അംഗങ്ങൾക്കോ അവാർഡിന് അപേക്ഷിക്കാനോ, നാമനിർദ്ദേശം ചെയ്യാനോ അർഹത യുണ്ടായിരിക്കുന്നതല്ല.
- 01/01/2025 മുതൽ 31/12/2025 വരെയുള്ള കാലയളവിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം നിർണ്ണയിക്കുന്നത്.
- അവാർഡ് അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ ഓൺലൈൻ (Email) ആയും ഓഫ്ലൈൻ (hardcopy) ആയും അയക്കേണ്ടതാണ്. സത്യ പ്രസ്താവനയും അപേക്ഷയുമടക്കം വിവരങ്ങൾ സ്കാൻ ചെയ്ത്, പരമാവധി 30എം.ബി., സിംഗിൾ ഫയലാക്കി ഇമെയിൽ വഴി അയക്കാവുന്നതാണ്. ഓൺലൈൻ വഴി അയക്കുന്ന അപേക്ഷയുടെ Hardcopy നേരിട്ടോ, തപാലിലോ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷയിൽ നൽകിയ വിവരങ്ങൾക്കനുസരിച്ചു വേണം അനുബന്ധരേഖകൾ (Annexure) തയ്യാറാക്കി നൽകേണ്ടത്. അപേക്ഷക്കൊപ്പം വീഡിയോ ക്ലിപ്പുകൾ അയക്കുന്നവർ, 5 മിനിറ്റ് വീഡിയോ ആക്കി ചുരുക്കി (പരമാവധി 5 എം.ബി (5 MB), എം.പി 4 (MP4) ഫോർമാറ്റിൽ അയക്കേണ്ടതാണ്. ദൃശ്യ/ശ്രവ്യ മാധ്യമ പ്രവർത്തകർ അയക്കുന്ന വീഡിയോകൾ പരമാവധി 20 മിനിറ്റ് ദൈർഘ്യം ആകാവുന്നതാണ്.
- കാറ്റഗറി 5,6 ഒഴികെയുള്ള അപേക്ഷകരെയും അവരുടെ പ്രവർത്തനങ്ങളേയും അതാതു ജില്ലയിലെ കെ.എസ്.ബി.ബി ജില്ലാ കോർഡിനേറ്റർമാർ നേരിട്ട് സന്ദർശിച്ചു പ്രാഥമിക പരിശോധന നടത്തി അവരുടെ പ്രവർത്തനങ്ങളും, രേഖകളും വിലയിരുത്തുന്നതാണ്. ആവശ്യമെന്നു തോന്നുന്ന പക്ഷം അവാർഡ് നിർണയത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ പ്രവർത്തനം നടത്തിയിട്ടുള്ള സ്ഥലങ്ങൾ ജഡ്ജിംഗ് കമ്മിറ്റി അംഗങ്ങൾ നേരിട്ട് സന്ദർശിച്ചു വിലയിരുത്തുന്നതാണ്.
- അവാർഡുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം അവാർഡ് നിർണയ കമ്മിറ്റിയുടേതായിരിക്കും.
- അപൂർണ്ണമായതോ തെറ്റായ വിവരങ്ങളുള്ളതോ ആയ അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ നിരസിക്കുന്നതായിരിക്കും. ഇത്തരം അപേക്ഷകൾക്ക് പുനരവലോകനത്തിനും, അപ്പീൽ നൽകാനുമുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

- ജൈവവൈവിധ്യ പുരസ്കാരത്തിന്റെ അവാർഡ് നിർണ്ണയ മാനദണ്ഡങ്ങൾ ജൈവവൈവിധ്യ ബോർഡ് തീരുമാനമനുസരിച്ച് എല്ലാവർഷവും പുതുക്കുന്നതാണ്.
- സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അവാർഡ് ഒരു തവണ ലഭിച്ചവർ അതേ വിഭാഗത്തിൽ വീണ്ടും അവാർഡിന് അപേക്ഷിക്കേണ്ടതില്ല.
- വ്യക്തിഗത അവാർഡിന് അപേക്ഷകൾ സമർപ്പിക്കുന്ന അപേക്ഷകരുടെ ജൈവവൈവിധ്യ സംബന്ധിയായ വിവരങ്ങൾ അതതു ബി.എം.സി യുടെ പി.ബി.ആറിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നുള്ള ബി.എം.സി സാക്ഷ്യപത്രം അപേക്ഷയ്ക്കൊപ്പം ലഭ്യമാക്കുന്നത് അഭികാമ്യം ആണ്.
- സംരക്ഷക കർഷക അവാർഡിനുള്ള അപേക്ഷയ്ക്കൊപ്പം, പ്രസ്തുത കർഷകൻ/കർഷക ജനിതക സംരക്ഷണാർത്ഥം ജനിതക വസ്തുക്കൾ കൈമാറ്റം ചെയ്ത കർഷകരുടെ പട്ടികയോ, വിത്ത് കൈമാറ്റ രജിസ്റ്ററിന്റെ പകർപ്പോ ലഭ്യമാക്കുന്നത് അഭികാമ്യം ആണ്.
- Exotic Species മാത്രം ഉൾപ്പെടുത്തിയുള്ള സംരക്ഷണ പ്രവർത്തനങ്ങൾ അവാർഡ് നിർണ്ണയത്തിനു പരിഗണിക്കുന്നതല്ല.
- അപേക്ഷകളുടെ അടിസ്ഥാന വിവരങ്ങൾ അപേക്ഷകർ ജൈവവൈവിധ്യ ബോർഡു നൽകുന്ന ഗൂഗിൾ ഫോമിൽ ലഭ്യമാക്കേണ്ടതാണ്.

## വ്യക്തിഗത പുരസ്കാരങ്ങൾ

### കാറ്റഗറി – 1

**1. ഹരിതവ്യക്തി** (കൃഷി ഒഴികെയുള്ള ജൈവവൈവിധ്യ മേഖല – ഉദാ: കാവ്, പുഴ, തോട്, കണ്ടൽ, കുളം ഉൾപ്പെടെയുള്ള ജൈവവൈവിധ്യ സംരക്ഷണം)

കാട്, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കൊറ്റില്ലങ്ങൾ, സമുദ്ര ജൈവവൈവിധ്യം തുടങ്ങിയ പ്രകൃതി സമ്പത്തുക്കളെ സംരക്ഷിക്കുകയോ ഇത്തരം പ്രകൃതി സമ്പത്തുകൾ സ്വയമേവ രൂപപ്പെടുത്തി ലാഭേച്ഛ കൂടാതെ സംരക്ഷിക്കുകയോ, ജനങ്ങൾക്കിടയിൽ ജൈവവൈവിധ്യ സംരക്ഷണത്തെ കുറിച്ച് പ്രചാരണം നടത്തുകയും ചെയ്യുന്ന വ്യക്തികളെയായിരിക്കും ഹരിതവ്യക്തി എന്ന വിഭാഗത്തിൽ പരിഗണിക്കുക. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്ത

നങ്ങൾ പരിഗണിക്കില്ല. തദ്ദേശീയ ജൈവവൈവിധ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.

## കാറ്റഗറി – 2

**2. മികച്ച സംരക്ഷക കർഷകൻ**

**(Best Custodian Farmer)** (സസ്യജാലം – തനത് വിളയിനങ്ങൾ)

ഒട്ടേറെ കാർഷിക വിളകളുടെയും ഔഷധ സസ്യങ്ങളുടെയും സംരക്ഷണത്തിനു മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികളെ ഈ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അപൂർവ്വവും, വംശനാശഭീഷണി നേരിടുന്നതുമായ വിളയിനങ്ങളെ സംരക്ഷിക്കുന്ന വ്യക്തികൾക്കും, കാർഷിക ജനിതകവൈവിധ്യം സംരക്ഷിക്കുന്ന കർഷകർക്കും മുൻഗണന നൽകുന്നതാണ്. ഇവയുടെ വിത്തുകളും നടീൽവസ്തുക്കളും നട്ടുവളർത്തി മറ്റുള്ളവർക്ക് ലഭ്യമാക്കി ഇവയെ വംശനാശത്തിൽ നിന്നും രക്ഷിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്കായിരിക്കും മുൻഗണന നൽകുന്നത്. ജൈവവൈവിധ്യ സംരക്ഷണരംഗത്ത് നടത്തുന്ന നൂതന കണ്ടുപിടുത്തങ്ങൾക്കും പരിഗണന നൽകുന്നതാണ്. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല. തദ്ദേശീയ കാർഷിക ജൈവവൈവിധ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. കൃഷി സ്ഥലം അപേക്ഷകന്റെ/ അപേക്ഷകയുടെ ഉടമസ്ഥതയിൽ/ ലീസ് ആണെങ്കിൽ ആയതിന്റെ രേഖ ഉള്ളടക്കം ചെയ്യേണ്ടതാണ്.

**3. മികച്ച സംരക്ഷക കർഷക** (സസ്യജാലം – തനത് വിളയിനങ്ങൾ)

(കാറ്റഗറി–2 ലെ അവാർഡ് –2 ന്റെ വിശദീകരണം നോക്കുക)

കൂടാതെ ഈ ഇനത്തിൽ ഉപജീവന സുരക്ഷക്കായും വരുമാന വർദ്ധനവിനായും ഉത്പാദനധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ രീതിയിൽ പ്രത്യേക താൽപര്യം എടുത്തുകൊണ്ട് അഭിരുചിയുടെ ഭാഗമായി ജൈവവൈവിധ്യ സംരക്ഷകരായിട്ടുള്ള വിധവകൾ, അഗതികൾ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

## കാറ്റഗറി – 3

**4. മികച്ച സംരക്ഷക കർഷകൻ** (ജന്തുജാലം – വളർത്തുന്ന കന്നുകാലിയിനങ്ങൾ, പക്ഷികൾ, മത്സ്യയിനങ്ങൾ തുടങ്ങിയവ ) **(Best Custodian Farmer (Animal/Bird)**

ഉയർന്ന രോഗപ്രതിരോധശേഷിയും അതിജീവനശേഷിയും ഉള്ള നിരവധി

നാടൻഇനങ്ങളുടെയും, മറ്റു ജന്തുജാലങ്ങളുടെയും ഈറ്റില്ലമാണ് ഭാരതം. എന്നാൽ ഇവയിൽ നല്ല പങ്കും അപൂർവമായിക്കഴിഞ്ഞു. ഇത്തരം ഇന ങ്ങളെ തനതായ രീതിയിൽ വളർത്തി സംരക്ഷിക്കുന്നവർക്കാണ് ഈ പുരസ്ക്കാരം നൽകുക. കേരളത്തിന്റെ തനത് ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, അട്ടപ്പാടി ആടുകൾ, തലശ്ശേരി കോഴികൾ, തദ്ദേശീയമായ മറ്റു ഇനങ്ങൾ ഇവയുടെ സംരക്ഷകർക്ക് മുൻഗണന നൽകും. ഈ ഇനങ്ങളുടെ കിടാക്കളെ/കുഞ്ഞുങ്ങളെ മറ്റ് വ്യക്തികൾക്ക് നൽകി ഇവയെ പ്രചരിപ്പിക്കുന്നവർക്കും കൃത്രിമ തീറ്റകളും മറ്റും പരമാവധി ഒഴിവാക്കി പരിസ്ഥിതി സൗഹൃദരീതിയിൽ ഇവയെ പരിപാലിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകും. ഔദ്യോഗിക ജോലിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾ പരിഗണിക്കില്ല. ജൈവവൈവിധ്യ സംരക്ഷണരംഗത്ത് നടത്തുന്ന നൂതന കണ്ടുപിടുത്തങ്ങൾക്കു പരിഗണന നൽകുന്നതാണ്. തദ്ദേശീയ ജൈവവൈവിധ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. കൃഷി സ്ഥലം അപേക്ഷകന്റെ/ അപേക്ഷകയുടെ ഉടമസ്ഥതയിൽ/ ലീസ് ആണെങ്കിൽ ആയതിന്റെ രേഖ ഉള്ളടക്കം ചെയ്യേണ്ടതാണ്.

**5. മികച്ച സംരക്ഷക കർഷക** (ജന്തുജാലം - വളർത്തുന്ന കന്നുകാലിയി നങ്ങൾ, പക്ഷികൾ, മത്സ്യയിനങ്ങൾ തുടങ്ങിയവ)

(കാറ്റഗറി-3 ലെ അവാർഡ് -4 ന്റെ വിശദീകരണം നോക്കുക)

കൂടാതെ ഈ ഇനത്തിൽ ഉപജീവന സുരക്ഷക്കായും വരുമാന വർദ്ധനവി നായും ഉത്പാദനധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ രീതിയിൽ പ്രത്യേക താൽപര്യം എടുത്തുകൊണ്ട് അഭിരുചിയുടെ ഭാഗമായി ജൈവവൈവിധ്യ സംരക്ഷക യായിട്ടുള്ള വിധവകൾ/ അഗതികൾ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

## കാറ്റഗറി - 4

**6. മികച്ച കാവ് സംരക്ഷണ പുരസ്കാരം** (വ്യക്തി / ട്രസ്റ്റ്)

നിത്യഹരിത വനങ്ങളുടെ അവശേഷിപ്പുകളാണ് 'വിശുദ്ധവനങ്ങൾ' എന്ന പേരിൽ പ്രസിദ്ധമായ 'കാവുകൾ'. വൻമരങ്ങളും അവയിൽ ചുറ്റി പടർന്നു കിടക്കുന്ന വള്ളി പടർപ്പുകളും, ചെറുമരങ്ങളും, ഔഷധി കളും, ഓഷധികളും ചേർന്ന ജൈവജന്തുജാലവും സൂക്ഷ്മങ്ങ ളായ ജീവികളും ഒക്കെ ചേർന്ന അതിസമ്പന്നമായ ജൈവവൈവിധ്യ യിടമാണ് കാവ്. മികച്ച കാവ് സംരക്ഷണ പ്രവർത്തനം നടത്തുന്ന വ്യക്തി/ട്രസ്റ്റുകൾക്ക് സംരക്ഷണ പ്രവർത്തനത്തിന്റെ മികവ് പരിഗണിച്ച്

മികച്ച കാവ് സംരക്ഷണ പുരസ്കാരം നൽകുന്നു. നടപ്പുവർഷം (01.01.2025 മുതൽ 31.12.2025 വരെ) നടത്തിയ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. കാവ് പുനഃസ്ഥാപനം, അധിനിവേശ സസ്യജന്തുജാലങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, കാവുമായി ബന്ധപ്പെട്ടുവരുന്ന ജലാശയങ്ങളുടെ സംരക്ഷണം, ആഗോളതാപനത്തെ ചെറുക്കാനായി നടത്തിയ പ്രാദേശിക ഇടപെടലുകൾ, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാവ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടപ്പിലാക്കുന്നതും അവ പ്രാദേശിക തലത്തിൽ പ്രായോഗികമാക്കുന്നതും മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക.

**കാറ്റഗറി – 5**

**7. ജൈവവൈവിധ്യ പത്രപ്രവർത്തക/ പത്രപ്രവർത്തകൻ**

(അച്ചടി മാധ്യമം)

തൊഴിൽപരമായി ജൈവവൈവിധ്യ വിഷയത്തെ ഉൾപ്പെടുത്തി പത്ര പ്രവർത്തനം നടത്തുന്നവരെയാണ് (Working Journalist) ഈ അവാർഡിനായി നാമനിർദ്ദേശം ചെയ്യേണ്ടത്. നാമനിർദ്ദേശത്തോടൊപ്പം നടപ്പുവർഷം (01.01.2025 മുതൽ 31.12.2025 വരെ) നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി പ്രസിദ്ധീകരിച്ച ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, കുട്ടികളെ ഉൾപ്പെടുത്തിയുള്ള ജൈവവൈവിധ്യ ബോധവത്കരണ ലേഖനങ്ങൾ, ഫീച്ചറുകൾ, പംക്തികൾ തുടങ്ങിയവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. സസ്യങ്ങൾ, ജന്തുക്കൾ, കാർഷിക ജൈവവൈവിധ്യം എന്നിവ വിഷയമാക്കി എഴുതിയ ലേഖനങ്ങൾക്കും, സാധാരണ ജനങ്ങളിലും പുതുതലമുറയ്ക്കിടയിലും പരിസ്ഥിതിബോധം സൃഷ്ടിക്കാനുതകുന്ന രചനകൾക്ക് ആയിരിക്കും അവാർഡ് നിർണയത്തിൽ മുൻഗണന നൽകുന്നത്.

**കാറ്റഗറി – 6**

**8. ജൈവവൈവിധ്യ മാധ്യമപ്രവർത്തക/ മാധ്യമപ്രവർത്തകൻ**

(ദൃശ്യ, ശ്രാവ്യമാധ്യമം)

കേരളത്തിൽ നിന്നുള്ള ദൃശ്യമാധ്യമ പ്രവർത്തകരെയാണ് ഈ അവാർഡിനായി നാമനിർദ്ദേശം ചെയ്യേണ്ടത്. ദൃശ്യമാധ്യമങ്ങൾ വഴി അവാർഡ് പ്രഖ്യാപനകാലയളവിൽ സംപ്രേഷണം ചെയ്ത ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വീഡിയോ ഡോക്ക്യുമെന്ററികൾ, ദൃശ്യ/ശ്രാവ്യ മാധ്യമ റിപ്പോർട്ടുകൾ എന്നിവ ഇതിനായി പരിഗണിക്കും. സ്കൂൾ പഠനത്തിന്റെയും സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളുടെയും ഭാഗമായി

തയ്യാറാക്കുന്ന ഡോക്ക്യുമെന്ററികൾ പരിഗണിക്കുന്നതല്ല. ഡോക്ക്യുമെന്ററിയുടെ സംവിധായകനായിരിക്കും അവാർഡ് നൽകുന്നത്. ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്ന റിപ്പോർട്ടുകളുടെ കാര്യത്തിൽ റിപ്പോർട്ടർക്കായിരിക്കും പുരസ്ക്കാരത്തിന് അർഹത. പരമാവധി 20 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ/ഓഡിയോ മാത്രമേ പരിഗണിക്കുകയുള്ളൂ. വീഡിയോകൾ എം.പി.4 ഫോർമാറ്റിൽ ഉള്ളതായിരിക്കണം. നടപ്പുവർഷം (01.01.2025 മുതൽ 31.12.2025 വരെ) നടത്തിയ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

## സ്ഥാപനങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ

**കാറ്റഗറി–7**

**9 & 10. മികച്ച ജൈവവൈവിധ്യ പരിപാലന സമിതി**
(Biodiversity Management Committee - BMC)

01.01.2025 മുതൽ 31.12.2025 വരെയുള്ള ബി.എം.സി. കളുടെ പ്രവർത്തനത്തെ ആസ്പദമാക്കിയാണ് പുരസ്ക്കാരത്തിന് പരിഗണിക്കുന്നത്. ബി.എം.സി നടത്തുന്ന എ.ബി.എസ് പ്രവർത്തനങ്ങൾ (Access & Benefit Sharing), പ്രഖ്യാപിച്ചിട്ടുള്ള ജൈവവൈവിധ്യ പൈതൃകകേന്ദ്രങ്ങളുടെ എണ്ണം (BHS), പ്രഖ്യാപിച്ചിട്ടുള്ള പ്രാദേശിക ജൈവവൈവിധ്യ പൈതൃകകേന്ദ്രങ്ങൾ (Local BHS), ഡിജിറ്റൽ പി.ബി.ആർ (e-PBR) പ്രവർത്തനങ്ങൾ, പി.ബി.ആർ പുതുക്കുന്ന പരിപാടികൾ, പി.ബി.ആർ–ന്റെ രണ്ടാം ഭാഗം തയ്യാറാക്കൽ സ്ഥിതി, ഈ വർഷം നടത്തിയ ബി.എം.സി മീറ്റിങ്ങുകൾ, നടപ്പിലാക്കിയ/ നടപ്പിലാക്കുന്ന ജൈവവൈവിധ്യ പ്രോജക്ടുകൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, ബി.എം.സിയുടെ വനവത്ക്കരണ പദ്ധതികൾ, സംരക്ഷിച്ചിട്ടുള്ള/ നിർമ്മിച്ചിട്ടുള്ള പുഴ/കുളം എന്നീ സ്രോതസ്സുകളുടെ എണ്ണം, ബി.എം.സിയുടെ തീരസംരക്ഷണ പദ്ധതികൾ (കൈത/ഈറ്റ/മുള) തുടങ്ങിയവ വച്ചു പിടിപ്പിക്കുന്ന പദ്ധതികൾ, പ്രസിദ്ധീകരിച്ച ജൈവവൈവിധ്യ ലഘുലേഖകളുടേയും പുസ്തകങ്ങളുടേയും എണ്ണം, ജലാശയങ്ങളിൽ തനത് മത്സ്യവൈവിധ്യ സംരക്ഷണം, ബദൽ ഊർജ/വിഭവമേഖലയിൽ പ്രവർത്തിച്ചിട്ടുള്ള വിവരങ്ങൾ, ജൈവവൈവിധ്യ യോഗങ്ങൾ, സെമിനാറുകൾ, ജൈവവൈവിധ്യം സംരക്ഷിക്കുവാൻ വേണ്ടി ജൈവവൈവിധ്യ നിയമത്തെ അടിസ്ഥാനമാക്കി കൊണ്ട് നൽകിയിട്ടുള്ള ഉത്തരവുകൾ, തീരുമാനങ്ങളുടെ വിവരണം, പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ജൈവവൈവിധ്യ ക്ലബ്ബുകളുടെ എണ്ണവും അതിന്റെ

പ്രവർത്തനങ്ങളും, പ്രളയം/ വരൾച്ച തുടങ്ങിയ ദുരന്തങ്ങളുടെ പഠനങ്ങൾ, ആഗോളതാപനത്തിനെ ചെറുക്കാനായി നടത്തിയ പ്രാദേശിക ഇടപെടലുകൾ, അധിനിവേശ സസ്യജന്തുജാലങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ, നാടൻ കന്നുകാലികളെ/മറ്റ് ഇനങ്ങളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ, LAPCC Report (Local Action Plan on Climate Change), DMP (Disaster Management Plan), LBSAP (Local Biodiversity Strategy and Action Plan) എന്നിവ തയ്യാറാക്കൽ, പച്ചത്തുരുത്ത് സംരക്ഷണം അവയുടെ വിവരണം, പതിമൂന്നാമതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ എണ്ണം, ആകെ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം, ഓരോ ഗ്രൂപ്പിലും പങ്കെടുത്ത അംഗങ്ങളുടെ എണ്ണം, വിളിച്ചു ചേർത്ത ജൈവവൈവിധ്യ ഗ്രാമസഭയുടെ എണ്ണം എന്നിവയാണ് പുരസ്കാര നിർണ്ണയത്തിന് പ്രധാനമായും പരിഗണിക്കുന്ന വിഷയങ്ങൾ.

മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ജൈവവൈവിധ്യ പരിപാലന സമിതിക്ക് ഒന്നാം സമ്മാനം **ഒരു ലക്ഷം രൂപയും** ഫലകവും, **(രണ്ടാം സമ്മാനം അമ്പതിനായിരം രൂപയും ഫലകവും നൽകുന്നതാണ്)**. ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമ ഡൗൺലോഡ് ചെയ്ത്, ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. എല്ലാ കോളങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള ഒന്നിൽ കൂടുതൽ ബി.എം.സി.കളുണ്ടാകുന്ന പക്ഷം, പുരസ്ക്കാര തുക തുല്യമായി വീതിച്ചു നൽകുന്നതാണ്. പ്രസ്തുത തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

**കാറ്റഗറി–8**

**11. ജൈവവൈവിധ്യ സ്കൂൾ/വിദ്യാലയം**

വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ ബോധം വളർത്തുന്നതിനും, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന സ്കൂളുകളെയായിരിക്കും ഈ അവാർഡിന് പരിഗണിക്കുക. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വിലയിരുത്തിയായിരിക്കും അവാർഡ് നൽകുക. സ്കൂളു കളിലുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, സ്കൂൾതല ജൈവവൈവിധ്യത്തിന്റെ തൽസ്ഥിതി, ബി.എം.സിയുമായുള്ള പങ്കാളിത്ത പ്രവർത്തനങ്ങൾ, ബദൽ ഊർജ/വിഭവമേഖലകൾ, ഹരിത വിദ്യാലയം, ബയോഗ്യാസ് സംവിധാനം, പുക കുറഞ്ഞ അടുപ്പുകൾ, ജൈവവേലി, സംരക്ഷിക്കുന്ന ജല സ്രോതസ്സുകളുടെ എണ്ണം, സ്കൂളിലെ

അധിനിവേശ സസ്യങ്ങളുടെ എണ്ണം, ഹരിതചട്ടം നടപ്പിലാക്കൽ, നടത്തുന്ന ജൈവവൈവിധ്യ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ മുഖ്യ മാനദണ്ഡങ്ങളായിരിക്കും. അവാർഡ് ലഭിക്കുന്ന പക്ഷം സ്കൂളിലെ പ്രഥമാധ്യാപകൻ/ പ്രഥമാധ്യാപിക, ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനങ്ങളുടെ ചുമതലയുള്ള അധ്യാപകർ/അദ്ധ്യാപിക എന്നിവർക്ക് അവാർഡ് ഒരുമിച്ചു വാങ്ങുവാൻ അർഹതയുണ്ടായിരിക്കും. എന്നാൽ അവാർഡ് തുക സ്കൂളിന്റെ പേരിലായിരിക്കും നൽകുക. പ്രസ്തുത തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

**കാറ്റഗറി-9**

**12. ജൈവവൈവിധ്യ കോളേജ്/ കലാലയം**

വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ സംരക്ഷണബോധം വളർത്തുന്നതിനും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ സജീവമാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന കോളേജുകളെ ആയിരിക്കും ഈ അവാർഡിന് പരിഗണിക്കുക. ജൈവവൈവിധ്യ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വിലയിരുത്തിയായിരിക്കും മുൻതൂക്കം നൽകുക. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (സ്ഥാപനം നിലനിൽക്കുന്ന) കാമ്പസിലുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ അവാർഡിന്റെ മുഖ്യ മാനദണ്ഡങ്ങളായിരിക്കും. അവാർഡ് ലഭിക്കുന്ന പക്ഷം കോളേജിലെ പ്രിൻസിപ്പൽ/അധ്യാപകൻ/ അധ്യാപിക (കോർഡിനേറ്റർ), ജൈവവൈവിധ്യ പ്രവർത്തനങ്ങളുടെ ചുമതലയുള്ള അധ്യാപകർ, ജൈവവൈവിധ്യ സംരക്ഷണ പങ്കാളികളാകുന്ന കുട്ടികളുടെ പ്രതിനിധി എന്നിവർക്ക് അവാർഡ് ഒരുമിച്ചു വാങ്ങുന്നതിന് അർഹതയുണ്ടായിരിക്കും. എന്നാൽ അവാർഡ് തുക കോളേജിന്റെ പേരിലായിരിക്കും നൽകുക. പ്രസ്തുത തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

**കാറ്റഗറി-10**

**13. ജൈവവൈവിധ്യ സംരക്ഷണസ്ഥാപനം**

(സർക്കാർ, സഹകരണ, പൊതുമേഖല)

ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സർക്കാർ/അർദ്ധസർക്കാർ/സഹകരണ സ്ഥാപനങ്ങളെയാണ് ഈ രംഗത്ത് പരിഗണിക്കുക. ജൈവവൈവിധ്യ സംരക്ഷണ

പ്രശ്നങ്ങളിലെ ഇടപെടലുകൾ, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പൊതുജനങ്ങളെ ജൈവവൈവിധ്യ സംരക്ഷണത്തിലേക്ക് ആകർഷിക്കാൻ പര്യാപ്തമായ സംഘാടന മികവ്, ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയെ മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക. സ്ഥാപനത്തിന്റെ ലക്ഷ്യ പ്രവർത്തനങ്ങൾക്കു പുറമെ ചെയ്യുന്ന ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുക.

**കാറ്റഗറി-11**

**14. ജൈവവൈവിധ്യ സംരക്ഷണസ്ഥാപനം (സ്വകാര്യമേഖല)**

നിലവിലുള്ള നിയമപ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളാണ് ഈ അവാർഡിന് പരിഗണിക്കുന്നത്. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയിൽ ഉൾപെടുത്തിയിരിക്കണം. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളും ആയിരിക്കണം. ജൈവവൈവിധ്യ സംരക്ഷണരംഗത്ത് നൂതന ആശയങ്ങൾ നടപ്പിലാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെയും പരിഗണിക്കുന്നതാണ്. കമ്പനിയുടെ Corporate Social Responsibility (CSR)/Corporate Environment Responsibility (CER) ഫണ്ട് ഉപയോഗിച്ച് നേരിട്ടോ അല്ലാതെയോ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്.

**15. മികച്ച ജൈവവൈവിധ്യ ക്ലബ് (സ്കൂൾ / കോളേജ്)**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, മികച്ച ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നതുമായ ഗവണ്മെന്റ്/ എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂൾ / കോളേജ് ജൈവവൈവിധ്യ ക്ലബ്ബുകളെയാണ് ഈ അവാർഡിന് പരിഗണിക്കുന്നത്. സ്കൂൾ/ കോളേജ് തലത്തിൽ ആകെ ഒരു 'മികച്ച ജൈവവൈവിധ്യ ക്ലബ് അവാർഡ്' ആണ് ഉള്ളത്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി, ജൈവവൈവിധ്യ ക്ലബ് രജിസ്ട്രേഷൻ പൂർത്തീകരിച്ച് രജിസ്ട്രേഷൻ നമ്പർ ലഭ്യമായിട്ടുണ്ട് എന്ന് സ്ഥാപനം ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്റർമാർ വഴി ഉറപ്പാക്കേണ്ടതും രജിസ്ട്രേഷൻ നമ്പർ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

മികച്ച ജൈവവൈവിധ്യ സ്കൂൾ/ മികച്ച ജൈവവൈവിധ്യ കോളേജ് എന്നീ അവാർഡ് വിഭാഗങ്ങളിൽ അപേക്ഷ നല്കുന്ന സ്ഥാപനങ്ങൾ

'മികച്ച ജൈവവൈവിധ്യ ക്ലബ്' അവാർഡിന് അപേക്ഷിക്കേണ്ടതില്ല. (ഈ മൂന്നു വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിന് മാത്രമേ ഒരു സ്ഥാപനം അപേക്ഷ നല്കുവാൻ പാടുള്ളൂ.)

വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ ബോധം വളർത്തുന്നതിനും, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിലക്കുന്ന ജൈവ വൈവിധ്യ ക്ലബ്ബുകളെയായിരിക്കും ഈ അവാർഡിന് പരിഗണിക്കുക. ജൈവവൈവിധ്യ ക്ലബ്ബിന്റെ ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ ഇടപെടലുകൾ, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തകനങ്ങളിലെ പങ്കാളിത്തം, പൊതുജനങ്ങളെ ജൈവവൈവിധ്യ സംരക്ഷണത്തിലേക്ക് ആകർഷനക്കാൻ പര്യാപ്തമായ സംഘാടന മികവ്, ജൈവവൈവിധ്യ പരിപാലന സമിതിയുമായും അനുബന്ധ സ്ഥാപനങ്ങളുമായി ഉള്ള സഹകരണ പ്രവർത്തനങ്ങൾ, ബോർഡികന്റെയും ഇതര വകുപ്പുകളുടെയും സാമ്പത്തിക/സാമ്പത്തികേതര സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതികൾ, സംഘടിപ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ, 'ജൈവജാലകം' പോലുള്ള ബോർഡ്/ഇതര സ്ഥാപങ്ങൾ നടത്തുന്ന ബോധവൽക്കരണ പരിപാടികളിലെ പങ്കാളിത്തം, ജൈവവൈവിധ്യ ക്ലബ്ബിന്റെ പ്രവർത്തന റിപ്പോർട്ട് എന്നിവയെ മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക.

ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വിലയിരുത്തിയായിരിക്കും അവാർഡ് നല്കുക. അവാർഡ് ലഭിക്കുന്ന പക്ഷം കോളേജിലെ/സ്കൂളിലെ മേധാവി, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള അധ്യാപക കോർഡിനേറ്റർ എന്നിവർക്ക് ഒരുമിച്ചു അവാർഡ് വാങ്ങുവാൻ അർഹതയുണ്ടായിരിക്കും. എന്നാൽ അവാർഡ് തുക സ്ഥാപനത്തിന്റെ പേരിലായിരിക്കും നല്കുയക. പ്രസ്തുത തുക ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്ത്നങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

**പൊതു മാനദണ്ഡങ്ങൾ**

ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരത്തിനുള്ള അപേക്ഷകൾ/ നാമനിർദ്ദേശങ്ങൾ ഓൺലൈൻ ആയും ഓഫ്ലൈൻ ആയും കേരള

സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ഓൺലൈൻ ആയി ksbbawards@gmail.com എന്ന ഇമെയിൽ വഴി അയക്കാവുന്നതാണ്. അപേക്ഷയുടെ ഹാർഡ്കോപ്പിയും അനുബന്ധ രേഖകളും **2026 ജൂലൈ 31, 5.00** p.m. നു മുൻപായി താഴെപ്പറയുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

**മെമ്പർ സെക്രട്ടറി,**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്,
കൈലാസം, റ്റി.സി. 24/3219, നം. 43, ബെൽഹാവൻ ഗാർഡൻസ്,
കവടിയാർ പി.ഒ, തിരുവനന്തപുരം- 695003
ഫോൺ നമ്പർ- 0471 2724740

അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിശദവിവരങ്ങളും അപേക്ഷയുടെ (WORD and PDF) മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകളുടെ അടിസ്ഥാന വിവരങ്ങൾ അപേക്ഷകർ ജൈവവൈവിധ്യ ബോർഡ് നൽകുന്ന ഗൂഗിൾ ഫോമിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷകൾ തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കാൻ ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാ കോർഡിനേറ്റർമാരെ (www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ജില്ലാ കോർഡിനേറ്റർമാരുടെ ഫോൺ നമ്പർ ലഭ്യമാണ്) ബന്ധപ്പെടാവുന്നതാണ്.

# അനുബന്ധം

KERALA STATE BIODIVERSITY BOARD

PROFORMA - I

| ജില്ലയുടെ പേര് | | |
|---|---|---|
| 1 | ബി.എം.സി. ചെയർപേഴ്സണിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| 2 | ബി.എം.സി. സെക്രട്ടറിയുടെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| 3 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (കൺവീനർ)/ ഇ-മെയിൽ/ മൊബൈൽ നം. | |
| 4 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (വനിത) / ഇ-മെയിൽ/ മൊബൈൽ നം. | |
| 5 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (വനിത) / ഇ-മെയിൽ/ മൊബൈൽ നം. | |
| 6 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (എസ്.സി./എസ്.റ്റി) / ഇ-മെയിൽ/ മൊബൈൽ നം. | |
| 7 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| 8 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| 9 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| 10 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |
| 11 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ്/ ഇ-മെയിൽ/ മൊബൈൽ നം. | |

## 1. ബി.എം.സി യെ കുറിച്ചുള്ള വിവരങ്ങൾ

| ബി.എം.സി യുടെ പേര് | സ്ഥിര മേൽ വിലാസം | ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ പേര് | ഫോൺ നമ്പർ, ലാൻഡ് ഫോൺ, മൊബൈൽ ഫോൺ | ഇമെയിൽ വിലാസം | വെബ് സൈറ്റ് |
|---|---|---|---|---|---|
| | | | | | |

1.1. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര്, അഡ്രസ്സ്

| |
|---|
| |

1.2. ബി.എം.സി. രൂപീകരിച്ച തീയതിയും, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കിയ വർഷവും, e-PBR പുരോഗതി, പി.ബി.ആർ-ന്റെ രണ്ടാം ഭാഗം തയ്യാറാക്കിയിട്ടുണ്ടോ, LBSAP (Local Biodiversity Strategy and Action Plan), പി.ബി.ആർ പുതുക്കിയ വിവരങ്ങൾ കമ്പ്യൂട്ടറിൽ ചേർത്തിട്ടുണ്ടോ, (ചേർത്ത പേജിന്റെ എണ്ണം)

| |
|---|
| |

1.3. 2025 ൽ ബി.എം.സി. നടപ്പിലാക്കിയ പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ സംക്ഷിപ്ത രൂപം (250 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.4. 2025 ൽ ബി.എം.സി. നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം (250 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.5. ജൈവവൈവിധ്യ രജിസ്റ്ററിനെ ആസ്പദമാക്കി നടപ്പിലാക്കിയിട്ടുള്ള സംരക്ഷണ പ്രവർത്തനങ്ങൾ (ഉദാ:- പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യ പരിപോഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ) (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.6. ബി.എം.സി. യുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂൾ ജൈവവൈവിധ്യ ക്ലബ്ബുകളുടെ എണ്ണം, വിശദാംശങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.7. ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യ പ്രൊജെക്റ്റുകൾ / മറ്റു പ്രവർത്തനങ്ങൾ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

| | | |
|---|---|---|
| 1.8 | പ്രാദേശിക ജൈവവൈവിധ്യ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അക്കൗണ്ട് നമ്പർ | |
| 1.9 | ബി.എം.സി. ചേർന്നിട്ടുള്ള യോഗങ്ങളുടെ എണ്ണം (തീരുമാനങ്ങളുൾപ്പെടെ) യോഗതീരുമാനങ്ങളുടെ പകർപ്പ് | |
| 1.10 | വാർഷിക റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ടോ? | |

2. ജൈവവൈവിധ്യം അതിന്റെ സുസ്ഥിര ഉപയോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾ (300 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.1 ജൈവവൈവിധ്യവും അതുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനങ്ങളെ ആസ്പദമാക്കി നടപ്പിലാക്കിയിട്ടുള്ള പ്രവർത്ത നങ്ങൾ/ പ്രോജക്ടുകൾ (അറിവിലേയ്ക്കുള്ള പ്രവേശനാനുമതി നൽകൽ അതിലൂടെ ലഭ്യമായ ഗുണങ്ങളുടെ തുല്യവും നീതി പൂർവ്വവുമായ പങ്കുവയ്ക്കൽ (Access and benefit sharing) എന്നീ പ്രവർത്തനങ്ങളുടെ വിവരണം (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.2 കാർഷിക ജൈവവൈവിധ്യ സംരക്ഷണം - പരമ്പരാഗത കാർഷിക വിളകളുടെ സംരക്ഷണം, വിപണനം തുടങ്ങിയവ ഉൾപ്പെ ടെയുള്ള പ്രവർത്തനങ്ങൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.3 ആദിവാസി സമുദായങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തു ന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യാധിഷ്ഠിത പ്രവർത്തനങ്ങൾ/ പദ്ധതികൾ (വനവിഭവ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, വിപണനം തുടങ്ങിയവ) (250 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.4 ആവാസവ്യവസ്ഥാ സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ (തണ്ണീർത്തട സംരക്ഷണം, കണ്ടൽക്കാട്, കാവ് സംരക്ഷണം/പച്ച തുരുത്ത് തുടങ്ങിയവ) (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.5 പ്രളയം/ വരൾച്ച ദുരന്തങ്ങളുടെ പഠനങ്ങൾ, ആഗോള താപനത്തിനെ ചെറുക്കാനായി നടത്തിയ പ്രാദേശിക ഇടപെടലു കൾ, അധിനിവേശ സസ്യജന്തുജാലങ്ങളുടെ നിയന്ത്രണ പ്രവർത്ത നങ്ങൾ, നാടൻ കന്നുകാലികളുടെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ, LAPCC Report (Local Action Plan on Climate

Change), DMP (Disaster Management Plan) എന്നിവയുടെ വിവരണം (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

2.6 പതിമൂന്നാമതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് എത്ര കൂടിയിട്ടുണ്ട്, ആകെ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ, ഓരോ യോഗത്തിലും പങ്കെടുത്ത അംഗങ്ങൾ, ജൈവവൈവിധ്യ ഗ്രാമസഭ എന്നിവയുടെ വിവരങ്ങൾ(200 വാക്കുകളിൽ എഴുതുക) മിനിറ്റ്സിന്റെ കോപ്പി ഹാജരാക്കുക.

| |
|---|
| |

2.7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന നടപ്പിലാക്കിയ വനവൽക്കരണത്തിനായുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ, എത്ര കുളം, പുഴ സംരക്ഷിച്ചിട്ടുണ്ട്, കൈത/ഈറ്റ/മുള വച്ചു പിടിപ്പിക്കൽ, ജൈവവൈവിധ്യ ലഘുലേഖകളോ, പുസ്തകങ്ങളോ ഇറക്കിയിട്ടുണ്ടോ, കുളങ്ങളിൽ മത്സ്യവൈവിധ്യ സംരക്ഷണം, ബദൽ ഊർജ്ജ /വിഭവ മേഖലയിൽ പ്രവർത്തിച്ചിട്ടുള്ള വിവരങ്ങൾ, ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ, ബോധവത്ക്കരണ സെമിനാറുകൾ എന്നിവയുടെ വിവരങ്ങൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

3. ഔഷധ സസ്യ സംരക്ഷണം, ഔഷധസസ്യ കൃഷി, സുസ്ഥിര ഉപയോഗം, വിപണനം (കൊടുക്കൽ, വാങ്ങൽ പ്രക്രിയയിലൂടെ നടത്തുന്ന വിപണനം) (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

4. ബി.എം.സിഏതെങ്കിലും പ്രദേശത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി (BHS), പ്രഖ്യാപിച്ചിട്ടുണ്ടോ? പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി (Local BHS) പ്രഖ്യാപിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

5. ബി.എം.സി ഏതെങ്കിലും ഫണ്ടുകൾ ജൈവ വൈവിധ്യ സംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ടോ. ഉണ്ടെങ്കിൽ വിവരങ്ങൾ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

6. ബി.എം.സി സംസ്ഥാനത്തെ വിവിധ ഏജൻസികളുമായി ചേർന്ന് എന്തെങ്കിലും ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

7. ഇതര ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ / പഠനങ്ങൾ നടത്തുന്നുണ്ടോ, അല്ലെങ്കിൽ പഠനങ്ങളുടെ ഭാഗമായിട്ടുണ്ടോ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

8. ജൈവവൈവിധ്യം സംരക്ഷിക്കുവാൻ വേണ്ടി ജൈവവൈവിധ്യ നിയമത്തെ അടിസ്ഥാനമാക്കി കൊണ്ട് ബി.എം.സികൾ ഉത്തരവുകൾ, തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

കുറിപ്പ്: 2025-ൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/ പദ്ധതികൾ എന്നിവയുടെ റിപ്പോർട്ട്, പത്രവാർത്തകൾ, വീഡിയോകൾ, ഫോട്ടോകൾ തുടങ്ങിയവ അനുബന്ധമായി ഉൾക്കൊള്ളിക്കേണ്ടതാണ്.

| | |
|---|---|
| ബി.എം.സി. സെക്രട്ടറിയുടെ പേരും ഒപ്പും | ബി.എം.സി. ചെയർപേഴ്സണിന്റെ പേരും ഒപ്പും |

# KERALA STATE BIODIVERSITY BOARD

## PROFORMA - II
## INDIVIDUAL AWARD – 2025

| | | | |
|---|---|---|---|
| 1. | Name of the Nominee, address, phone number and Email ID (നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ & ഇമെയിൽ ഐഡി) | | Fix passport size Photo of Nominee (അപേക്ഷകന്റെ/ അപേക്ഷകയുടെ ഫോട്ടോ) |
| 2. | Category of award (അവാർഡ് വിഭാഗം) | | |
| 3. | Age & Date of Birth (വയസ്സ്, ജനനതീയതി) | | Male ☐ പുരുഷൻ Female ☐ സ്ത്രീ |
| 4. | Name &, address of the proposer, phone number and Email ID അപേക്ഷകന്റെ പേര് നിർദ്ദേശിക്കുന്ന ആളിന്റെ മേൽവിലാസം, ഫോൺ നമ്പർ& ഇമെയിൽ ഐഡി) | | |
| 5. | Copy of the relevant information's attached (അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള അനുബന്ധ ഘടകങ്ങൾ) | 1. Publications (പ്രസിദ്ധീകരണങ്ങൾ) | |
| | | 2. Photos/Images (ഫോട്ടോകൾ/ചിത്രങ്ങൾ) | |
| | | 3.CDസി.ഡി/ പെൻ ഡ്രൈവ് | |
| 6. | Awards received by nominee (നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയ്ക്ക് ഏതൊക്കെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്) | | |

| | | | |
|---|---|---|---|
| 7. | List of activities/ project implemented & Details of Financial Assistance (നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ, അവയുടെ സാമ്പത്തിക സഹായത്തിന്റെ സ്രോതസ്സുകൾ) | | |
| 8. | (List of species conserved) ഏതൊക്കെ ഇനങ്ങളാണ് സംരക്ഷിക്കുന്നത്, ജീവജാതികളുടെ മൂല്യം (200 വാക്കുകളിൽ എഴുതുക) | | |
| 9. | സംരക്ഷണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ (200 വാക്കുകളിൽ എഴുതുക) | | |
| 10. | അവാർഡിന്റെ പരിഗണനയിലേയ്ക്കായി ഈ മേഖലയിലെ പ്രവർത്തനങ്ങൾ (01.01.2025 മുതൽ 31.12.2025 വരെ) (200 വാക്കുകളിൽ എഴുതുക) | | |
| 11. | ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ (200 വാക്കുകളിൽ എഴുതുക) | | |
| 12. | ജൈവവൈവിധ്യ /പരിപാലന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാകാൻ ചെയ്ത പ്രവർത്തികൾ (200 വാക്കുകളിൽ എഴുതുക) | | |
| 13. | ജൈവവൈവിധ്യ പരിപാലന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശീയ ഇനങ്ങളുടെ / കിടാങ്ങളെ/ നടീൽ വസ്തുക്കളുടെ/ വിഭവങ്ങളെ മറ്റും കൈമാറ്റം ചെയ്യുന്ന രീതി ഉണ്ടോ? ഉണ്ടെങ്കിൽ വിവരിക്കുക (200 വാക്കുകളിൽ എഴുതുക) | | |

| | | | |
|---|---|---|---|
| 14 | ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നൂതന കണ്ടുപിടിത്തങ്ങൾ/ പേറ്റന്റ് | | |
| 15 | Any other information<br>മറ്റു വിവരങ്ങൾ | | |

Note: All the above documents should be arranged in the same order as given in the proforma and tagged.

Date:

Signature of Proposer
നാമനിർദ്ദേശകന്റെ ഒപ്പ്

ആവശ്യമായ അനുബന്ധ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

KERALA STATE BIODIVERSITY BOARD

PROFORMA- III

JOURNALIST AWARDS 2025

| | | | |
|---|---|---|---|
| 1. | Name and Address of the Nominee (Journalist) Phone Number & Email ID (നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തി യുടെ പേര്, മേൽവിലാസം, ഫോൺനമ്പർ & ഇമെയിൽ ഐഡി) | | Fix passport size Photo of Nominee (അപേക്ഷകന്റെ/ അപേക്ഷകയുടെ ഫോട്ടോ) |
| 2. | Category (അവാർഡ് വിഭാഗം) | English ☐<br>Malayalam ☐<br>Electronic ☐ | |
| 3. | Name & Address of the media (പ്രവർത്തിക്കുന്ന മാധ്യമത്തിന്റെ പേരും മേൽ വിലാസവും) | | |
| 4. | Name and address of the proposer, Phone number and Email ID (നിർദ്ദേശിക്കുന്ന വ്യക്തിയുടെ പേരും മേൽ വിലാസം, ഫോൺ നമ്പർ, ഇ.മെയിൽ ഐ.ഡി) | | |

| | | | |
|---|---|---|---|
| 5. | Copy of the relevant information attached (പ്രധാന്യമുള്ള വിവരങ്ങ ളും രേഖകളും സമർപ്പി ക്കുക) | 1. Paper reports (പ്രസി ദ്ധീകരിച്ച റിപ്പോർട്ടുകൾ) | |
| | | 2. Publications (പ്രസിദ്ധീകരണങ്ങൾ) | |
| | | 3. Photos/Images (ഫോട്ടോകൾ/ചിത്രങ്ങൾ) | |
| | | 4.CD/Pen Drive സി.ഡി/പെൻ ഡ്രൈവ് | |
| 6. | Previous Awards if any received by the nominee (നാമനിർദ്ദേശം ചെയ്യപ്പെ ടുന്ന വ്യക്തിയ്ക്ക് മുൻപ് ലഭിച്ചിട്ടുള്ള അവാർഡുകൾ) | | |
| 7. | അവാർഡിന്റെ പരിഗണനയിലേയ് ക്കായി ഈ മേഖലയിൽ നടപ്പു വർഷം (01.01.2025 മുതൽ 31.12.2025) പ്രസി ദ്ധീകരിച്ചിട്ടുള്ള ജൈവ വൈവിധ്യവുമായി ബന്ധ പ്പെട്ട (കാർഷിക, സസ്യ, ജന്തുക്കൾ) റിപ്പോർട്ട്/ ഡോക്യുമെന്ററികളുടെ എണ്ണം | | |
| 8. | കുട്ടികളെ ഉൾപ്പെ ടുത്തി നടത്തിയിട്ടുള്ള ജൈവവൈവിധ്യ ബോധവൽക്കരണ ലേഖനങ്ങൾ/ ഡോക്യുമെന്ററികളുടെ എണ്ണം | | |
| 9. | ജൈവവൈവിധ്യ ലേഖനങ്ങൾ / ഡോക്യുമെന്ററികൾ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ (200 വാക്കിൽ എഴുതുക | | |

| | | | |
|---|---|---|---|
| 10. | Any other information (ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ) | | |
| 11. | Name & Address of Head of Organisations Phone Number & Email ID (മേലധികാരിയുടെ പേരും, മേൽവിലാസവും, ഇ.മെയിൽ ഐ.ഡി) | | |

Note: All the above documents should be arranged in the same order as given in the Proforma and tagged.

Date: Signature of Proposer

നാമനിർദ്ദേശകന്റെ ഒപ്പ്

ആവശ്യമായ അനുബന്ധ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

KERALA STATE BIODIVERSITY BOARD

PROFORMA- IV
SCHOOLS, COLLEGES, INSTITUTIONS,
BIODIVERSITY CLUBS AWARD – 2025

| | | |
|---|---|---|
| 1. | Name & Address of the Applicant<br>Phone Number & Email ID<br>(അപേക്ഷകന്റെ പേര്, മേൽവിലാസം, ഫോൺനമ്പർ & ഇമെയിൽ ഐഡി) | |
| 2. | Category<br>(അവാർഡ് വിഭാഗം) | School - Govt ☐<br>Aided ☐<br>Unaided ☐ |
| | | College- Govt ☐<br>Aided ☐<br>Unaided ☐ |
| | | Institution |
| | | Biodiversity Club Award- School<br>School ☐<br>College ☐<br>Govt ☐<br>Aided ☐<br>Unaided ☐ |
| 3. | Copy of the relevant information's attached<br>(പ്രധാന്യമുള്ള വിവരങ്ങളും രേഖകളും സമർപ്പിക്കുക) | 1. Paper reports<br>(പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ) |
| | | 2. Publications<br>(പ്രസിദ്ധീകരണങ്ങൾ) |
| | | 3. Photos/Images<br>(ഫോട്ടോകൾ/ചിത്രങ്ങൾ) |
| | | 3.CD<br>സി.ഡി/പെൻ ഡ്രൈവ് |

| | | |
|---|---|---|
| 4. | Awards received<br>(മുൻപ് ലഭിച്ചിട്ടുള്ള അവാർഡ്) | |
| 5. | List of activities/ project implemented & Details of Financial Assistance (ചെയ്ത പ്രവർത്തികളുടേയും, നടപ്പിലാക്കിയ പ്രോജക്ടുകളുടെയും | |
| | വിവരങ്ങൾ, ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വിവരങ്ങൾ) | |
| 6. | എൻ.ജി.ഒ ആണെങ്കിൽ 3 വർഷത്തെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, ആഡിറ്റഡ് സ്റ്റേറ്റ്മെന്റും സമർപ്പിക്കുക | |
| 7. | ജൈവവൈവിധ്യ പ്രവർത്തനത്തിൽ കുട്ടികൾ/ അധ്യാപകർ/പൊതുജനങ്ങളുടെ പങ്കാളിത്തം വിവരിക്കുക (200 വാക്കുകളിൽ എഴുതുക) | |
| 8. | പാഠ്യേതര ജൈവവൈവിധ്യ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും പങ്കാളിത്തം<br>(200 വാക്കിൽ എഴുതുക) | |
| 9. | 1. കേരള സംസ്ഥാന ജൈവ വൈവിധ്യബോർഡിന്റെ നേതൃത്വത്തിലുള്ള ജൈവവൈവിധ്യ ക്ലബ് രൂപീകരിച്ചിട്ടുണ്ടോ ?<br>2. ജൈവവൈവിധ്യ ക്ലബ് രജിസ്ട്രേഷൻ നമ്പർ<br>3. ജൈവവൈവിധ്യ ക്ലബ് പ്രവർത്തനങ്ങൾ വിവരിക്കുക (200 വാക്കിൽ എഴുതുക).<br>4. മികച്ച ജൈവവൈവിധ്യ ക്ലബ് അവാർഡിവന് അപേക്ഷിക്കുന്ന | ഉണ്ട്/ ഇല്ല. |

| | | |
|---|---|---|
| | സ്ഥാപനങ്ങൾ 2025 വർഷത്തെ ജൈവവൈവിധ്യ ക്ലബ് പ്രവർത്തയനങ്ങളുടെ വിശദ മായ റിപ്പോർട്ട് അനുബന്ധ മായി ഉള്ളടക്കം ചെയ്യണം | |
| 10. | സ്കൂളിൽ/ കോളേജിൽ ജൈവവൈവിധ്യ സംരക്ഷണ മാതൃകകൾ സ്ഥാപിച്ചിട്ടുണ്ടോ (ഉദാ: പാർക്ക്, തോട്ടങ്ങൾ, ഔഷധസസ്യ ഉദ്യാനം, ബയോഗ്യാസ് പ്ലാന്റ്, ബദൽ ഉർജ്ജ/വിഭവ മേഖല, ജൈവ വേലി, പുക കുറഞ്ഞ അടുപ്പു കൾ, കമ്പോസ്റ്റ് തുടങ്ങിയവ യുടെ വിവരണം | |
| 11. | സ്കൂളിൽ/ കോളേജിൽ അധിനിവേശ സസ്യങ്ങൾ നട്ടിട്ടുണ്ടോ/ കാണപ്പെടു ന്നുണ്ടോ?, ഏതൊക്കെ നിയന്ത്ര ണമാർഗ്ഗങ്ങൾ നടപ്പിലാക്കിയി ട്ടുണ്ടോ വിവരിക്കുക (200 വാക്കുകളിൽ എഴുതുക) | |
| 12. | ഹരിത നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഹരിതചട്ടം ഉപയോഗി ക്കുന്നുണ്ടോ. | |
| 13. | ജൈവവൈവിധ്യ സംര ക്ഷണത്തിൽ പഞ്ചായത്ത്/ നഗരസഭയെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിച്ചിട്ടു ണ്ടോ? ഉണ്ടെങ്കിൽ വിവരിക്കുക (200 വാക്കിൽ എഴുതുക) | |
| 14. | ജൈവവൈവിധ്യ സംരക്ഷണ പോളിസി രൂപീകരണത്തിൽ ഗവൺമെന്റ്/ ഗവൺമെന്റിതര മേഖലയിൽ ഉള്ള ഇടപെടൽ (200 വാക്കിൽ എഴുതുക) | |
| 15. | സംരക്ഷിക്കുന്ന ജീവ ജാതികൾ ആവാസവ്യവസ്ഥയുടെ വിവര ങ്ങൾ (എൻ.ജി.ഒ യ്ക്കു മാത്രം) | |

| | | |
|---|---|---|
| 16. | ജൈവവൈവിധ്യ പ്രസിദ്ധീകരണങ്ങൾ/ ഡോക്യുമെന്ററി/ സെമിനാറുകൾ/നാട്ടറിവുകൾ തുടങ്ങിയവയുടെ വിവരങ്ങൾ (200 വാക്കിൽ എഴുതുക) | |
| 17. | പ്രളയാനന്തര പഠനത്തിലോ പ്രകൃതി ദുരന്ത ലഘൂകരണവും നേരിടാൻ നടത്തിയ പ്രവർത്തനങ്ങൾ? (200 വാക്കിൽ എഴുതുക) | |
| 18. | വാണിജ്യ/സ്വകാര്യ സ്ഥാപനമാണെങ്കിൽ കമ്പനിയുടെ സി.എസ്.ആർ ഫണ്ടുപയോഗിച്ച് നേരിട്ടോ, അല്ലാതെയോ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിവരിക്കുക (200 വാക്കിൽ എഴുതുക) | |
| 19. | Any other information (ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ) | |
| 20. | Name & Address of Head of Institutions<br>Phone Number & Email ID<br>(മേലധികാരിയുടെ പേരും, മേൽ വിലാസവും, ഫോൺനമ്പർ, ഇ.മെയിൽ ഐ.ഡി) | |

Note: All the above documents should be arranged in the same order as given in the proforma and tagged

Date: Signature of Head of the Institution

സ്ഥാപന മേധാവിയുടെ ഒപ്പ്

ആവശ്യമായ അനുബന്ധ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
മികച്ച കാവ് സംരക്ഷണത്തിനുള്ള പുരസ്ക്കാരം 2025
പ്രൊഫോർമ V

| | | |
|---|---|---|
| 1. | കാവിന്റെ പേര് | |
| 2. | ജില്ല | |
| 3. | കാവ് ഉൾപ്പെടുന്ന ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.) യുടെ വിശദാംശങ്ങൾ | |
| 4. | കാവിന്റെ വിസ്തൃതിയും സർവ്വെ നമ്പരും (സ്കെച്ച് ഉള്ളടക്കം ചെയ്യുക) | |
| 5. | അപേക്ഷിക്കുന്ന വ്യക്തിയുടെ / ട്രസ്റ്റിന്റെയോ പേരും വിലാസവും | |
| 6. | കാവിന്റെ ഉടമസ്ഥത | വ്യക്തിയുടേയോ/കുടുംബാഗംങ്ങളുടെയോ ഉടമസ്ഥതയിലാണെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കുക |
| 7. | കാവിന്റെ നിലവിലുള്ള സംരക്ഷണ സ്ഥിതി വ്യക്തമാക്കുക | ട്രസ്റ്റിന്റെ ഉടമസ്ഥതയിലാണെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കുക |

**1. കാവിനെക്കുറിച്ചുള്ള വിവരങ്ങൾ**

1.1. കാവിന്റെ പ്രാധാന്യം, ചരിത്രം എന്നിവയെ കുറിച്ചുള്ള ലഘുവിവരണം

| |
|---|
| |

1.2 കാവിലെ വൃക്ഷങ്ങളെയും സസ്യങ്ങളെയും കുറിച്ചുള്ള ലഘുവിവരണം (പ്രധാനമായും കാണപ്പെടുന്ന നാടൻ പേരുകൾ ഉൾപ്പെടുത്തുക)

| |
|---|
| |

1.3. കാവിൽക്കാണുന്ന ജന്തുക്കളെയും ചെറുജീവികളെയും കുറിച്ചുള്ള ലഘുവിവരണം (പ്രധാനമായും കാണപ്പെടുന്ന നാടൻ പേരുകൾ ഉൾപ്പെടുത്തുക) (250 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.4. കാവിനോട് അനുബന്ധിച്ച് കുളമോ നീർത്തടമോ ഉണ്ടെങ്കിൽ അതിലെ ജലജീവികളെക്കുറിച്ചുള്ള വിവരങ്ങൾ (250 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.5 2025 കാലയളവിൽ കാവിൽ നടപ്പിലാക്കിയിട്ടുള്ള സംരക്ഷണ പ്രവർത്തനങ്ങൾ (ഉദാ:- പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യ പരിപോഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ) (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.6. 2023 കാലയളവിൽ ജൈവവൈവിധ്യ ബോർഡിന്റെ/ വനംവകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യ പ്രൊജെക്ടുകൾ / മറ്റു പ്രവർത്തനങ്ങൾ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.7. 2025 കാലയളവിൽ ഗ്രാമപഞ്ചായത്ത് (ബി.എം.സി.)/ ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യ പ്രൊജെക്ടുകൾ / മറ്റു പ്രവർത്തനങ്ങൾ. (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

1.8. അവാർഡ് ലഭിക്കുകയാണെങ്കിൽ പ്രസ്തുത കാവിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (200 വാക്കുകളിൽ എഴുതുക)

| |
|---|
| |

ഉടമസ്ഥന്റെ/ട്രസ്റ്റിയുടെ പേരും ഒപ്പും

ആവശ്യമായ അനുബന്ധ രേഖകൾ തെളിവിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## സത്യപ്രസ്താവന

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2025ലെ മികച്ച.......................
.....................................................................................................................................
പുരസ്കാരത്തിന് ശ്രീ/ശ്രീമതി..................................................................................
എന്നയാളെ ഞാൻ നാമനിർദ്ദേശം ചെയ്യുന്നു. ടിയാൻ നാമനിർദ്ദേശത്തിനായി എനിക്ക് വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും എന്റെ ബന്ധുവല്ലെന്നുമുള്ള സത്യപ്രസ്താവന ഇതിനാൽ സമർപ്പിക്കുന്നു.

സ്ഥലം | ഒപ്പ്

തീയതി | പേര്

മേൽവിലാസം
ഫോൺനമ്പർ
ഇ-മെയിൽ

KSBB


## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

കൈലാസം, റ്റി.സി. 24/3219 നം. 43, ബെൽഹെവൻ ഗാർഡൻസ്,
കവടിയാർ പി.ഒ., തിരുവനന്തപുരം – 695 003
ഇ–മെയിൽ – keralabiodiversity@gmail.com
വെബ്സൈറ്റ് – www.keralabiodiversity.org
ഫോൺ: 0471 2724740